**A** | **902**

# സമഗ്ര ശിക്ഷാ കേരളം

## ആത്യന്തികവിലയിരുത്തൽ II 2025-26

## മലയാളം

## കേരളപാഠാവലി

ക്ലാസ്: IX

സമയം: $1\frac{1}{2}$ മണിക്കൂർ
ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം. A അല്ലെങ്കിൽ B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം)** **(4 x 1=4)**

**1.** "അല്ലല്ലെന്തുകഥയിതു കഷ്ടമേ!
അല്ലലാലങ്ങു ജാതി മറന്നിതോ?"

(സുകൃതഹാരങ്ങൾ)

തന്നിരിക്കുന്ന വരികളിൽ 'അല്ലൽ' എന്ന വാക്കിന്റെ അർഥം എന്ത്?

**A.** ഭംഗി
**B.** ദുഃഖം
**C.** ക്ഷമ
**D.** അക്ഷമ

**2.** 'അവരുടെ കൂർത്ത പരുക്കൻവാക്കുക-
ളവരുടെ ഹൃദയസ്പന്ദങ്ങൾ
ഇടിയൊച്ചകൾപോലാകാശത്തെ-
ക്കിടിലംകൊള്ളിച്ചുയരുന്നു'

(തരിശുനിലങ്ങളിലേക്ക്)

മുകളിൽ കൊടുത്തിരിക്കുന്ന വരികൾക്ക് യോജിച്ച ആശയമെന്ത്?

**A.** പരുക്കൻ വാക്കുകൾ തൊഴിലാളികളെ കിടിലംകൊള്ളിക്കുന്നു.
**B.** അവർ ഇടിയൊച്ചകളിൽ ഭയന്നുപോകുന്നു.
**C.** ജീവിതദുരിതങ്ങൾ നേരിടാനാകാതെ തളർന്നുപോകുന്നു.
**D.** സംഘശക്തി കൊണ്ട് പ്രതിസന്ധികളെ തോല്പിക്കുന്നു.

**3.** 'ദൂരം അവരറിഞ്ഞില്ല. സമയം അവരറിഞ്ഞില്ല. അവർ നിറഞ്ഞ ആവേശത്തിലായിരുന്നു: നിറഞ്ഞ പ്രതീക്ഷയിലും. അവരുടെ ഭാവി എത്ര വർണ്ണശബളം!"

(സ്വാതന്ത്ര്യം തന്നെ ജീവിതം)

അവർ ആവേശത്തിലായിരിക്കാനുള്ള കാരണമെന്ത്?

**A.** നല്ല ജോലി കിട്ടിയതുകൊണ്ട്
**B.** സ്വാതന്ത്ര്യം കിട്ടിയതുകൊണ്ട്
**C.** ഒരുപാട് പണമുള്ളതുകൊണ്ട്
**D.** നല്ല കാഴ്ചകൾ കണ്ടതുകൊണ്ട്

4. (I) എത്തിച്ചേർന്നാൽ - എത്തി, ച്ചേർന്നാൽ

(II) ഏതുമില്ലാതെ - ഏതും, ഇല്ലാതെ

(III) മാറിയകന്ന - മാറിയ, കന്ന

(IV) ജനക്കൂട്ടം - ജന, കൂട്ടം

മുകളിൽ പിരിച്ചെഴുതിയിരിക്കുന്നവയിൽ ശരിയായതേത്?

A. (I) ഉം (II) ഉം ശരി

B. (II) ഉം (III) ഉം ശരി

C. (I) ഉം (IV) ഉം ശരി

D. (II) ഉം (IV) ഉം ശരി

**5 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. (3 സ്കോർ)**

**(3x3=9)**

5. 'അറിയുക, ഞങ്ങളനേകം നിരകളിൽ
വറുതിയൊടങ്കം വെട്ടുന്നോർ,
മൂതിയായാളും പട്ടിണിയിൽ സ്വയ-
മെരിയുമ്പോഴും ജീവിപ്പോർ."

(തരിശുനിലങ്ങളിലേക്ക്)

തന്നിരിക്കുന്ന വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തി എഴുതുക.

6. ചുവടെ കൊടുത്തിരിക്കുന്ന വാക്യം അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കുക.
പ്രസംഗം കഴിഞ്ഞപ്പോൾ അദ്ദേഹം കൈ മടക്കിയുയർത്തി 'ജയ്ഹിന്ദ്' എന്നുച്ചരിച്ചപ്പോൾ അത് കുട്ടികളിൽ ആവേശത്തിന്റെ ഒരു തിരയുയർത്തി.

7. (A) 'എന്തുകൊണ്ട് അവരും അടുത്തിരുന്ന്, അവരും മറ്റുള്ളവരും സമന്മാരാണെന്ന് തോന്നൽ ഉണ്ടാക്കിക്കൂടാ?'

(അരുവിപ്പുറത്തുനിന്ന് ഒരു സന്ദേശം)

ശ്രീനാരായണഗുരു ഇങ്ങനെ പറയാനിടയായ സാമൂഹികസാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു? കുറിക്കുക.

**അല്ലെങ്കിൽ**

(B) 'അച്യുതമ്മാമ' എന്ന കഥയിലെ ഒരു സന്ദർഭം ട്രോൾരൂപത്തിൽ താഴെ നൽകിയിരിക്കുന്നു.




അച്യുതമ്മാമ മാധവനോട് ഇങ്ങനെ പറയാനുള്ള കാരണങ്ങളെന്തൊക്കെയാവാം? കഥാസന്ദർഭം വിശകലനം ചെയ്ത് വ്യക്തമാക്കുക.

8 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (5 സ്കോർ)

(4 x 5=20)

8. (A) 'ഇനി കൃഷിക്കാരെ പിഴിയുന്ന നികുതിയുണ്ടാവില്ല; അതു മുടങ്ങിപ്പോയാൽ വരുന്ന ജപ്തികളും... തിന്നാൻ അരിയില്ലാത്ത അവസ്ഥയില്ല. പൂഴ്ത്തിവയ്പുകാരില്ല.'

(സ്വാതന്ത്ര്യം തന്നെ ജീവിതം)

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അയിഷുവിന്റെ സ്വപ്നങ്ങൾ യാഥാർഥ്യമായോ? സമകാലിക സാമൂഹികാവസ്ഥകളും കൂടി പരിഗണിച്ച് നിങ്ങളുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുക.

അല്ലെങ്കിൽ

(B)

പ്രൊഫഷണൽ ലൈഫ് വ്യക്തിജീവിതം കവർന്നെടുക്കുന്നുണ്ടോ?
റൈറ്റ് ടു ഡിസ്കണക്ട് ബിൽ കേരള നിയമസഭയുടെ പരിഗണനയിൽ

സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഏതൊരു ജീവനക്കാരനും കമ്പനിയുമായുള്ള കരാറിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്തിനപ്പുറം ഏതെങ്കിലും ഓൺലൈൻ മീറ്റിങ്ങുകൾ, ഫോൺകോളുകൾ, ഇ-മെയിലുകൾ, വീഡിയോ കോൺഫറൻസുകൾ അല്ലെങ്കിൽ ഷോർട്ട് മെസേജ് സേവനങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ അവകാശമുണ്ടെന്ന് ബിൽ നിർദേശിക്കുന്നു.

(പത്രവാർത്ത)

- "അച്ഛനെ ഒന്നിനും കിട്ടില്യാ, അച്യുതൻമുത്തച്ഛാ."

(അച്യുതമ്മാമ)

റൈറ്റ് ടു ഡിസ്കണക്ട് ബില്ലിന് മാധവനെപ്പോലെയുള്ളവരുടെ ജീവിതത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുമോ? എന്തുകൊണ്ട്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

9. 'വ്യഥകളെയുള്ളിലുരുക്കിക്കൊണ്ടാ
ഹൃദയശതങ്ങൾ തുടിക്കുമ്പോൾ
തരസാ സൃഷ്ടിസ്ഥിതിലയശക്തിക-
ളൊരുമിച്ചുണരുകയാണല്ലോ.'

(തരിശുനിലങ്ങളിലേക്ക്)

തന്നിരിക്കുന്ന വരികൾ വിശകലനം ചെയ്ത് തൊഴിലാളികളുടെ സവിശേഷതകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

10. • 'പ്രകൃതിയെ തന്റെ സൗകര്യാർഥം സ്വന്തം നിർമ്മിതികളിലൂടെ മാറ്റിത്തീർത്താണ് മനുഷ്യൻ അവന്റെ ഭൗതികസൗകര്യങ്ങൾ വർധിപ്പിച്ചത്."

(പ്രകൃതിപാഠങ്ങൾ)

- "കൊടിയ കരിങ്കൽക്കുന്നുകൾ ഞങ്ങടെ-
യടിയേറ്റാകെത്തകരുമ്പോൾ
ഉഴുതുമറിക്കാനെന്തേ പാടി-
പ്പുതുമണ്ണിൽ കുതുകാർദ്രതകൾ!" (തരിശുനിലങ്ങളിലേക്ക്)

നൽകിയിരിക്കുന്ന പാഠസന്ദർഭങ്ങളിലെ ആശയതലം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

11. • "അമ്മയ്ക്ക് വേദനിക്കുന്നുണ്ടോ?" പത്തു വയസ്സായ മകൻ കണ്ണുനീരൊഴുകുന്ന മുഖത്തോടെ തന്നോടാണ് ആ ചോദ്യം ചോദിച്ചത്. അന്ന് അവൻ തന്നെ സ്നേഹിച്ചിരുന്നു..."

(അമ്മ)

• "ഒരിക്കൽ അവളുടെ ഇളയ മകൻ സ്കൂളിൽ നിന്ന് വന്നപ്പോൾ അവൾക്ക് ഒരു നെല്ലിക്ക കൊണ്ടുവന്നു. ആ ദിവസം അവളുടെ ഇരുണ്ട അടുക്കളയിൽ നിന്നുകൊണ്ട് അവൾ ആനന്ദാശ്രുക്കൾ പൊഴിച്ചു."

(കോലാട്)

കഥാസന്ദർഭങ്ങളിൽ സൂചിപ്പിക്കുന്നത് പോലെയുള്ള ഊഷ്മളമായ ബന്ധം ഇന്നും നിലനിൽക്കുന്നുണ്ടോ? വളരുമ്പോൾ കുട്ടികളിലെ മനോഭാവത്തിൽ മാറ്റം വരുന്നുണ്ടോ? നിങ്ങളുടെ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (7 സ്കോർ)** **(1x7=7)**

12 (A) • 'നമ്മുടെ കുഞ്ഞുങ്ങൾ വയറു നിറയെ ഇനി ഭക്ഷണം കഴിക്കും. നല്ല ഉടുപ്പുകളിട്ട് സ്കൂളുകളിൽ ജാതിമതവിവേചനങ്ങളില്ലാതെ പാറിനടക്കും.'

(സ്വാതന്ത്ര്യം തന്നെ ജീവിതം)

• "ഇന്ന് ഇന്ത്യയുടെ ആവശ്യം എന്താണ്? ജാതികൾ തമ്മിലും മതങ്ങൾ തമ്മിലും ഉള്ള മത്സരത്തിൽ നിന്ന് മോചനം."

(അരുവിപ്പുറത്തുനിന്ന് ഒരു സന്ദേശം)

ജാതിമതമത്സരങ്ങൾ സാമൂഹ്യപുരോഗതിക്ക് തടസമാകുന്നുണ്ടോ? തന്നിരിക്കുന്ന സൂചനകളും സമകാലിക സാഹചര്യങ്ങളും ഉൾപ്പെടുത്തി 'മാറുന്ന സമൂഹം, മാറുന്ന ചിന്തകൾ' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)** താഴെ നൽകിയിട്ടുള്ള കഥയുടെ പ്രമേയം, സമകാലികപ്രസക്തി തുടങ്ങിയവ പരിഗണിച്ച് കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

പ്രായം കൊണ്ടവശനായിട്ടും ഗുരു തന്നാലാവുന്ന പണി ചെയ്തുപോന്നു. ചെടിനനയ്ക്കുക, കള പറിയ്ക്കുക ഇതൊക്കെ അദ്ദേഹം ചെയ്യും. ശിഷ്യന്മാർക്കതു വിഷമമായി. തങ്ങളുടെ അപേക്ഷകൾ കൊണ്ടൊന്നും കാര്യമില്ലെന്ന് അവർക്കറിയാമായിരുന്നു. അതിനാൽ കൂട്ടത്തിലൊരാൾ പറഞ്ഞുകൊടുത്ത ബുദ്ധിയനുസരിച്ച് അവർ അദ്ദേഹത്തിന്റെ പണിയായുധങ്ങൾ എടുത്തൊളിപ്പിച്ചുവച്ചു. അന്നു മുതൽ പക്ഷേ, ഗുരു ഭക്ഷണം തൊടാതായി. കാര്യം മനസ്സിലാക്കിയ ശിഷ്യന്മാർ അദ്ദേഹത്തിന്റെ പണിയായുധങ്ങൾ തിരിച്ചെടുത്തു കൊടുക്കുകയും ചെയ്തു. പിന്നെയാണ് ഗുരു ഭക്ഷണം കഴിക്കാൻ തുടങ്ങിയത്; അതും തോട്ടപ്പണി ചെയ്തതിൽപ്പിന്നെ. ശിഷ്യന്മാരെ അടുത്തു വിളിച്ച് അദ്ദേഹം പറഞ്ഞു:

"പണി ചെയ്തില്ലെങ്കിൽ ഭക്ഷണവുമില്ല"

*സെൻകഥ (വിവർത്തനം: വി. രവികുമാർ)

*സെൻകഥ - ബുദ്ധമതത്തിന്റെ ആത്മീയമായ ഉൾക്കാഴ്ചകളിലേക്ക് വഴികാട്ടുന്ന ചെറുകഥകൾ.